മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

(എ) ഉണ്ട്.

(ബി) ഉണ്ട്; ലഭിച്ച പരാതികളിന്മേൽ വേണ്ട നടപടി നടത്തിയിട്ടുണ്ട്.

പി. ഡബ്ലിയു. ഡി. ജോലികൾ.

* 1054. [54] ശ്രീ. കെ. നാരായണക്കുറുപ്പ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മരാമത്തുവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) പി. ഡബ്ലിയു. ഡി. സബ്ഡിവിഷൻ കമ്മിറ്റിയിൽ പാസാക്കുന്ന ജോലികൾ ചെയ്യുതീർക്കണമെന്നു പി. ഡബ്ലിയു. ഡി. ഉദ്യോഗസ്ഥന്മാർക്ക് നിർദ്ദേശം കൊടുത്തിട്ടുണ്ടോ;

(ബി) സബ്ഡിവിഷൻ കമ്മിറ്റികളിൽ പ്രയോറിട്ടി കൊടുത്തു പാസാക്കുന്ന തീരുമാനങ്ങൾ ഉദ്യോഗസ്ഥന്മാർ അവഗണിക്കുന്നുണ്ടോ;

(സി) 1954 ഒടുവിൽ തിരുവല്ലാ സബ്ഡിവിഷൻ കമ്മിറ്റി പ്രാധാന്യം കൊടുത്തു പാസാക്കിയ പല ജോലികളും ഇതുവരെ തുടങ്ങിയിട്ടുപോലുമില്ല എന്നു ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മരാമത്തുവകുപ്പുമന്ത്രി (ശ്രീ. കെ. ഐ. വേലായുധൻ):

(എ) ഇല്ല.

(ബി) അവഗണിക്കുക എന്ന പ്രശ്നം ഉദിക്കുന്നില്ല. കാരണം സബ്ഡിവിഷൻ കമ്മിറ്റികളുടെ തീരുമാനത്തിന്മേൽ അവസാനതീർച്ചകല്പിക്കാൻ അധികാരമുള്ള സെൻട്രൽ വർക്സ് കമ്മിറ്റിയുടെ അഭിപ്രായംകൂടി പരിഗണിച്ചുള്ള ഗവണ്മെൻറുത്തരവനുസരിച്ചാണ് ഉദ്യോഗസ്ഥന്മാർ നടപടി എടുക്കുന്നതു്.

(സി) ഇല്ല.

കശുഅണ്ടി ഫാക്ടറികൾ.

* 1055. [55] ശ്രീ. കെ. ചന്ദ്രശേഖരശാസ്ത്രി: താഴെ കാണുന്ന ചോദ്യത്തിനു് മുഖ്യമന്ത്രി സദയം മറുപടി നൽകുമോ:

സംസ്ഥാനത്തെ കശുഅണ്ടിഫാക്ടറികൾ പലതും അടച്ചുപൂട്ടിയതായും മറ്റു ഫാക്ടറികൾ പൂട്ടുവാൻ നോട്ടീസിട്ടിട്ടുള്ളതായും ഗവണ്മെൻറിന്റെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

മുഖ്യമന്ത്രി (ശ്രീ. പനമ്പിള്ളി ഗോവിന്ദമേനോൻ):

തോട്ടണ്ടിയുടെ അഭാവംമൂലം സംസ്ഥാനത്തുള്ള ഏതാനും കശുഅണ്ടിഫാക്ടറികൾ പൂട്ടിയതായും ബാക്കിയുള്ളവ താമസിയാതെ പൂട്ടുന്നതിനുവേണ്ടി നോട്ടീസിട്ടതായും അറിയാം.

റീട്ടെയിൽ വ്യാപാരികൾക്കുള്ള റീഫണ്ട്.

* 1056. [57] ശ്രീ. പി. എം. മർക്കോസ്: താഴെ പറയുന്ന 3 ചോദ്യങ്ങൾക്ക് ആഭ്യന്തരവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) റേഷൻ വ്യാപാരികൾക്ക് സ്പെഷ്യൽ അരിയുടെ വില കൂപ്പുവിൽപ്പിച്ച ഇനത്തിൽ ഗവണ്മെൻറ് റീഫണ്ട് ചെയ്യാനുള്ള ശ്രമം

LIBRARY ARCHIVES Kerala Legislative Assembly